


പാവങ്ങൾക്കു് പാർപ്പിടം

1

പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ്

പാവങ്ങൾക്ക് പാർപ്പിടം

ജാനുവരി 1954

തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറു പബ്ലിക്ക്
റിലേഷൻസ് വകുപ്പിൽനിന്നും പ്രസി
ദ്ധപ്പെടുത്തുന്നതു്.

പ്രസ്താവന

ഭാരതത്തിൻെറ സ്വാതന്ത്ര്യലബ്ധിയോടുകൂടി ഈ സംസ്ഥാനത്തും പരിപൂർണ്ണമായ ജനായത്തഭരണം നിലവിൽ വന്നു. അന്നത്തെ പരിതഃസ്ഥിതികൾ എന്തെല്ലാമായിരുന്നു എന്ന് പൊതുജനങ്ങൾക്കു നല്ലവണ്ണം അറിവുള്ളതാണല്ലോ. രൂക്ഷതരമായ ഭക്ഷ്യക്ഷാമം, ലോകയുദ്ധം വരുത്തിവച്ച വിഷമകരമായ സാമ്പത്തികനില, രാഷ്ട്രനിർമ്മാണപ്രവത്തനങ്ങൾക്കു വിഘാതമാകത്തക്കവണ്ണം ശുഷ്കിച്ച ഖജനാവ്—നിരാശാജനകമായ ഈ പശ്ചാത്തലത്തിലായിരുന്നു ജനപ്രതിനിധികൾ ഭരണഭാരം കയ്യേററതു്. സ്വാതന്ത്ര്യലബ്ധിയിൽ ഉണ്ടായ ആവേശത്തോടും തികഞ്ഞ ആത്മവിശ്വാസത്തോടും കൂടി ജനങ്ങളും ഗവണ്മെൻറും ഒത്തൊരുമിച്ചു പ്രവത്തിച്ചതിൻെറ ഫലമായി ലോകത്തെ വിസ്മയിപ്പിക്കത്തക്കവണ്ണം സമത്ഥമായി ആസൂത്രണംചെയ്ത നിർമ്മാണപരിപാടികളിൽ കൂടി ഈ ചുരുങ്ങിയ കാലത്തിനകം ക്ഷേമരാഷ്ട്രലക്ഷ്യത്തിലേയ്ക്കു് വളരെയേറെ പുരോഗമിക്കുവാൻ ഭാരതത്തിനു പൊതുവേയും വിവിധ സംസ്ഥാനങ്ങൾക്കു് പ്രത്യേകിച്ചും കഴിഞ്ഞിട്ടുണ്ടു്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്് ഈ കാലഘട്ടത്തിൽ കൈവരുത്തുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളെപ്പററി യഥാത്ഥ വിവരങ്ങൾമാത്രം പൊതുജനസമക്ഷം സമർപ്പിക്കുകയാണു് ഈ ലഘുലേഖാപരമ്പരയുടെ ഉദ്ദേശ്യം. ജനക്ഷേമത്തിനുവേണ്ടിയുള്ള ഗവണ്മെൻറിൻെറ എല്ലാ പദ്ധതികളേയും പ്രവത്തനങ്ങളേയും കൂലംകഷമായി, നിഷ്പക്ഷമായി പരിശോധിക്കുക, അവയെ സൃഷ്ടിപരമായി വിമർശിക്കുക എന്നുള്ളതു് ബഹുജനങ്ങളുടെ ജന്മാവകാശമാണു്. എന്നാൽ ആ പരിശോധനയും വിമർശനവും യഥാത്ഥ സ്ഥിതിവിവരങ്ങളെ അടിസ്ഥാനമാക്കി ആയിരിക്കണമെന്നു മാത്രം. അക്കാര്യത്തിൽ ഈ പ്രസിദ്ധീകരണം സഹായകമായിരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഭവനനിർമ്മാണം-കൂട്ടുപ്പാർപ്പുപദ്ധതികൾ

ഇൻഡ്യയിൽ ഏററവും കൂടുതൽ ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന പ്രദേശമാണ് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം. ഈ രാജ്യത്തെ ഭവനനിർമ്മാണ പ്രശ്നം കഴിഞ്ഞ ഒരു ദശവർഷക്കാലത്തിനകം, വിശിഷ്യ യുദ്ധാനന്തരകാലഘട്ടത്തിൽ, വളരെ രൂക്ഷതരമായിട്ടുണ്ട്. എന്നാൽ അടുത്ത കാലംവരെ ഈ വൈഷമ്യമേറിയ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടുപിടിക്കുവാൻ വ്യവസ്ഥാപിതമായ യാതൊരു ശ്രമങ്ങളും ഗവണ്മെൻേറാ, പൊതുജനങ്ങളോ ചെയ്തിരുന്നില്ല. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഇടത്തരക്കാരുടെ താമസസൌകര്യങ്ങൾ വർദ്ധിപ്പിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ ഭവനനിർമ്മാണപദ്ധതികൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും, തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്താണ് ഇദംപ്രഥമമായി വീട്ടും കുടിയുമില്ലാത്ത നിർദ്ധനരായ ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളിവിഭാഗത്തിൻെറ ഭവനനിർമ്മാണ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്നു കരുതി 1950-ൽ ഒരു ഭവനനിർമ്മാണപദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം നടത്തിത്തുടങ്ങിയതു്. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ രാജ്യവ്യാപകമായ തോതിൽ സംഘടിപ്പിക്കുവാനായി ഒരു ഭവനനിർമ്മാണ സ്പെഷ്യലാഫീസറെ നിയമിക്കുകയും, ഒരു പ്രത്യേക ഭരണവകുപ്പുതന്നെ ഏർപ്പെടുത്തുകയും ചെയ്തു.

കഴിഞ്ഞ മൂന്നുവർഷത്തിനകം ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം വിപുലീകരിച്ചതിൻെറ ഫലമായി ഇൻഡ്യാഗവണ്മെൻറിൽ നിന്നു് പ്രഥമ പഞ്ചവത്സരപദ്ധതിയിൽ സാമൂഹ്യക്ഷേമ പ്രവർത്തന വകുപ്പിൽ ഈ രാജ്യത്തെ ഭവനനിർമ്മാണപദ്ധതികൂടി ഉൾപ്പെടുത്തുകയും, 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പഞ്ചവത്സരപദ്ധതി അനുസരിച്ച് 1956 അവസാനത്തോടുകൂടി പൂർത്തിയാക്കേണ്ട ഭവനനിർമ്മാണപദ്ധതി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം 1954 ഏപ്രിലിനു മുമ്പുതന്നെ ഇൻഡ്യാഗവണ്മെൻറനുവദിച്ചിട്ടുള്ള പത്തുലക്ഷം രൂപയും ചെലവഴിച്ച് 500-ൽപരം ഭവനങ്ങൾ നിർമ്മിച്ച് പൂർത്തിയാക്കുന്നതാണ്.

ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണം താഴെ ചേർക്കുന്നു.

ഭവനനിർമ്മാണ പദ്ധതി

ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം, ഭൂമിയും വീടും ഇല്ലാത്ത നിർദ്ധനരായ വൻപിച്ച ജനവിഭാഗത്തിന് അവ വ്യവസ്ഥാപിതമായ രീതിയിൽ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ്. ഇതനുസരിച്ചു നിർദ്ധനരായ തൊഴിലാളികളെ മുനിസിപ്പൽ, വ്യാവസായികം, കാർഷികം, മത്സ്യവ്യവസായം, മററുള്ളവർ എന്ന് സാമാന്യമായി അഞ്ചിനങ്ങളിൽപ്പെട്ടവരായി തിരിച്ചിരിക്കുന്നു.

വീടുകൾ ഗവണ്മെൻറിൻെറ അംഗീകൃത മാതൃകയിൽ പണിയുന്നതും ഓരോ വീടിനും രണ്ടു മുറികളും, ഒരു വരാന്തയും, ഒരു അടുക്കളയും ഉൾപ്പെടെ ഏകദേശം 325 ചതുരശ്രഅടി വിസ്തീർണ്ണം ഉണ്ടായിരിക്കുന്നതുമാണ്. ഗവണ്മെൻറു വകയായുള്ള പുറമ്പോക്കുഭൂമികളും, അതിന് സൌകര്യമില്ലാത്ത മററ സ്ഥലങ്ങളിൽ ആവശ്യാനുസരണം ഭൂമി പൊന്നുംവിലയ്ക്കെടുത്തും ഈ പദ്ധതിക്കു വേണ്ടി വിനിയോഗിക്കുന്നതാണ്. വീടുകൾ പണിയുവാനും, ഭൂമി പൊന്നുംവിലക്കെടുക്കുന്നതിനും ഉൾപ്പെടെ ഗവണ്മെൻറിന് ചെലവാകുന്ന സംഖ്യ ഈ പദ്ധതിയുടെ പ്രവർത്തനച്ചുമതല ഏൽക്കുന്ന സ്ഥാപനം പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് ഗവണ്മെൻറിലേയ്ക്ക് മടക്കി അടയ്ക്കേണ്ടതാണ്.

കാർഷിക തൊഴിലാളികൾക്കും, മത്സ്യം പിടിക്കുന്നവർക്കും മററു തൊഴിലാളികൾക്കും വേണ്ടിയുള്ള ഭവനനിർമ്മാണത്തിൻെറ ചുമതലകൾ മുഴുവൻ സഹകരണസംഘങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. സ്വന്തമായി വീടും, ഭൂമിയും ഇല്ലാത്ത നിർദ്ധനരായ ഈ തൊഴിലാളികൾക്ക് അവരവർ അംഗങ്ങളായിരിക്കുന്ന സഹകരണസംഘങ്ങൾ മുഖേന 1,500 രൂപമുതൽ 2,500 രൂപവരെ വിലവരുന്ന വീടുകളും, അഞ്ചുസെൻറു ഭൂമിയുംവീതം, അവയുടെ വില 25 വർഷത്തിനകം 300 മാസത്തവണകളായി പലിശ കൂടാതെ മടക്കിഅടയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ കൊടുത്തുവരുന്നു. വില മുഴുവൻ മടക്കി അടച്ചു തീരുമ്പോൾ വീടുകളുടെ ഉടമസ്ഥാവകാശം സഹകരണസംഘങ്ങളി

ലേയ്ക്കും, അവയിൽനിന്നു് അംഗങ്ങളിലേയ്ക്കും കൈമാററം ചെയ്യുന്നതാണു്. ഈ വീടുകളിൽ താമസിക്കുന്നവരുടെ പൊതു ആവശ്യത്തിനു് വേണ്ട കക്കൂസുകളും, കിണറുകളും സൌജന്യമായി പണിയിച്ചു കൊടുക്കുന്നതാണു്.

മുനിസിപ്പൽ തൊഴിലാളികൾക്കു വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിയുടെ പ്രവർത്തനച്ചുമതല മുനിസിപ്പാലിററികളിൽ നിക്ഷിപ്തമായിരിക്കും. വീടുകളുടെ വില (ഭൂമി വില ഉൾപ്പെടെ 25 വർഷത്തിനകം പലിശ കൂടാതെ ഗവണ്മെൻറിലേയ്ക്കു് മുനിസിപ്പാലിററികൾ മടക്കി അടയ്ക്കേണ്ടതാണു്. വീടുപണിക്കു് ആകെ ചെലവാകുന്ന സംഖ്യയുടെ രണ്ടരശതമാനത്തിൽ അധികരിക്കാത്ത തുക മാത്രം പ്രതിവർഷം വാടകയായി തൊഴിലാളികളിൽനിന്നു് ഈടാക്കുവാൻ പാടുള്ളു എന്നതാണു് ഈ പദ്ധതിയുടെ പ്രത്യേകത. തോട്ടികൾ, തൂപ്പുകാർ മുതലായ തൊഴിലാളികൾക്കാണു് ഈ പദ്ധതിയുടെ സമ്പൂർണ്ണമായ പ്രയോജനം ലഭിക്കുന്നതു്.

വ്യാവസായികതൊഴിലാളികൾക്കു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതി അല്പംകൂടി വ്യത്യസ്തമാണു്. വ്യാവസായിക ഉടമകളുടെ സഹകരണം ഈ പദ്ധതിക്കു് അത്യന്താപേക്ഷിതമാണു്. വീടൊന്നിനു് അതിൻെറ വിലയുടെ അൻപതു ശതമാനമോ, 750 രൂപയോ ഇതിൽ ഏതു കുറവാണോ ആ സംഖ്യ ഗവണ്മെൻറിൽനിന്നു് 25 വർഷംകൊണ്ടു് പലിശ കൂടാതെ മടക്കി അടയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ വ്യവസായ ഉടമകൾക്കു് കടമായി കൊടുക്കുന്നതാണു്. തൊഴിലാളികളിൽനിന്നു് ആകെയുള്ള മുടക്കിൻെറ $2\frac{1}{2}$ ശതമാനത്തിൽ കവിഞ്ഞു് പ്രതിവർഷം വാടക ഈടാക്കുവാൻ പാടില്ല എന്നു് നിബന്ധനയുണ്ടു്.

ഈ പദ്ധതിയുടെ ക്ഷേമോന്മുഖമായ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനായി ഭവനനിർമ്മാണത്തിൻെറ ചുമതല വഹിക്കുന്ന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യമന്ത്രിയും, ചില ഭരണവകുപ്പദ്ധ്യക്ഷന്മാരും ഉൾപ്പെടെ 13 പേരടങ്ങിയ ഒരു ഭവനനിർമ്മാണ ബോർഡും രൂപീകരിച്ചിട്ടുണ്ടു്. സഹകരണസംഘം ജായിൻറ് രജിസ്ട്രാർ (ഭവനനിർമ്മാണ സ്പെഷ്യലാഫീസർ) ഈ ബോർഡിൻെറ കാര്യദർശിയും, നിർവ്വഹണോദ്യോഗസ്ഥനുമാണു്. ഭവനനിർമ്മാണ

പരമായ എല്ലാ നിർദ്ദേശങ്ങളും ബോർഡിൻെറ പരിചിന്തനത്തിന് വിധേയമാകുന്നതും, അതിൻെറ അംഗീകാരം ലഭിച്ചതിനു ശേഷം ഗവമ്മെൻറിൽ സമർപ്പിക്കുന്നതുമാണ്.

1952–53 വരെയുള്ള പ്രവത്തനപുരോഗതി

കഴിഞ്ഞ സാമ്പത്തികവഷം (1952–53) അവസാനംവരെ ഭവനനിമ്മാണത്തിൻെറ സാങ്കേതികമായ നിയന്ത്രണവും, ചുമതലയും വഹിച്ചിരുന്നതു് പബ്ലിക്ക്‌വക്ക്സ് ഡിപ്പാർട്ടുമെൻറാണ്. എന്നാൽ ഭവനനിമ്മാണവകുപ്പിൻെറ പ്രവത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൂണ്ണ സമയവും ഭവനനിമ്മാണ പ്രവത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാവുന്ന ഒരു സാങ്കേതികവകുപ്പ് അപരിത്യാജ്യമാണെന്നു് ഗവമ്മെൻറിന് ബോദ്ധ്യപ്പെട്ടതിനാൽ ഇതിലേയ്ക്കു് പ്രത്യേകം ഒരു അസിസ്റ്റൻറ് ഇഞ്ചിനീയറെയും, നാല സെക്‌ഷൻ ആഫീസറന്മാരെയും, ജായിൻറ് രജിസ്ട്രാരുടെ നിയന്ത്രണാധികാരത്തിൽ നിയമിച്ചു. 1953 മാർച്ച് അവസാനം പണി തീന്നിട്ടുള്ള വീടുകളുടെ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

	കേന്ദ്രം	വീടുകളുടെ എണ്ണം	ചെലവ് രൂ.	ണ.	സ.
1.	കന്യാകുമാരി	17	15,564	0	0
2.	തെങ്ങൂർ	20	29,140	13	2
3.	ഇണയം	30	46,045	0	0
4.	വിഴിഞ്ഞം	15	24,081	5	0
5.	തമലം	30	28,350	0	0
6.	കൊല്ലം	10	12,838	10	5
7.	പുനലൂർ	18	13,958	4	1
8.	വള്ളാക്കാവ്	5	9,592	5	0
9.	ആലപ്പുഴ	24	27,227	9	3
10.	കുമരകം	10	13,227	3	0
11.	പള്ളം	15	36,855	0	0
12.	കിടങ്ങൂർ	18	47,250	0	0
13.	വെള്ളൂർ	10	16,606	7	11

	കേന്ദ്രം	വീട്ടുകളുടെ എണ്ണം	ചെലവ് രൂ.	ണ.	സ.
14.	ആലുവാ	30	33,578	1	6
15.	തേവര	36	46,590	0	4
16.	ഇരിഞ്ഞാലക്കുട	24	24,019	0	0
17.	അഴിക്കോട്ട്	11	23,253	10	11
18.	ഇടവിലങ്ങ്	12	26,028	0	7
19.	ഇരവിപേരൂർ	1	2,000	0	0
20.	ആലുവാ എഫ്. എ. സി. ററി.	14	10,500	0	0
	ആകെ	350	4,86,705	7	2

ആകെ പണിതീന്ന 350 വീട്ടുകളിൽ 131 എണ്ണം മത്സ്യത്തൊഴിലാളികൾക്കും, 118 എണ്ണം മുനിസിപ്പൽ തൊഴിലാളികൾക്കും, 59 എണ്ണം കാർഷികതൊഴിലാളികൾക്കും, 32 എണ്ണം വ്യാവസായിക തൊഴിലാളികൾക്കും, 10 എണ്ണം മററ തൊഴിലാളികൾക്കും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഗവണ്മെൻറിൽനിന്നും 1,11,213 രൂപ വിലവരുന്നതും, 15 ഏക്കർ 21 സെൻറ് വിസ്തീർണ്ണമുള്ളതുമായ ഭൂമി അഴിക്കോട്ട്, എടവിലങ്ങ്, പള്ളം, ചെറിയഴീക്കൽ, കുളച്ചൽ എന്നീ സ്ഥലങ്ങളിൽ പൊന്നുംവില കൊടുത്തു് ഈ പദ്ധതിക്കുവേണ്ടി എടുത്തിട്ടുണ്ട്. പദ്ധതിയുടെ നിബന്ധനകളനുസരിച്ച് വീട്ടുകളുടെ വില മടക്കിത്തരുവാൻ കഴിവില്ലാത്ത സാധുക്കളും, നിർദ്ധനരുമായവക്ക് അഞ്ചു സെൻറ ഭൂമിമാത്രം മുൻപറഞ്ഞ വ്യവസ്ഥയിന്മേൽ സഹകരണ സംഘങ്ങൾ മുഖാന്തിരം കൊടുക്കുന്നതാണ്.

1953–54-ലെ പ്രവത്തനം

ഈ സാമ്പത്തികവഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചുള്ള കേന്ദ്രങ്ങളിൽ വീട്ടുകൾ പണിയിക്കുവാനായി 5 ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

	കേന്ദ്രം	വീടുകളുടെ എണ്ണം	ചെലവ് രൂ.	ണ.	സ.
1.	കല്ലച്ചൽ	36	50,880	0	0
2.	തേവര	14	23,900	0	0
3.	ആനന്ദപുരം	16	27,200	0	0
4.	പടിഞ്ഞാറേ കല്ലട	18	34,780	0	0
5.	ഇരിഞ്ഞാലക്കുട	32	57,630	0	0
6.	നേരിയമംഗലം	25	84,250	0	0
7.	കാലടി	15	28,200	0	0
8.	ചെറിയഴീക്കൽ	20	34,450	0	0
9.	കൃഷ്ണപുരം	7	15,470	0	0
10.	പന്തളം	15	34,355	0	0
11.	അയ്യർകാലാ	20	40,719	0	0
12.	വിഴിഞ്ഞം	15	37,950	0	0
13.	പറവൂർ	8	13,750	0	0
	ആകെ	241	4,83,534	0	0

മുകളിൽ വിവരിച്ചിട്ടുള്ളതിൽ കാലടി, ചെറിയഴീക്കൽ, കൃഷ്ണപുരം, ഐവർകാലാ എന്നീ കേന്ദ്രങ്ങളിൽ ഒഴിച്ച് ബാക്കി എല്ലാ സ്ഥലങ്ങളിലേയും പണി ആരംഭിക്കുകയും, ചില കേന്ദ്രങ്ങളിൽ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 241 വീടുകളും നടപ്പു വർഷത്തിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

കൂടാതെ ഗവണ്മെന്റ് നീണ്ടകര 13 ഏക്കറും, അരൂർ 7 ഏക്കറും, ഷൺമുഖപുരത്ത് 7 ഏക്കറും, കൊട്ടങ്ങല്ലൂർ 4½ ഏക്കറും വിസ്തീർണ്ണമുള്ളതും, ഏകദേശം 2½ ലക്ഷം രൂപ വിലവരുന്നതുമായ ഭൂമി ഈ പദ്ധതിക്കു വേണ്ടി പൊന്നും വിലയ്ക്കെടുക്കുവാൻ അനുവദിച്ചിട്ടുമുണ്ട്.

ഈ പദ്ധതിയെ രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള ജനങ്ങൾ സ്വാഗതം ചെയ്യുന്നുണ്ടെന്നും, അതിന്റെ വിജയകരമായ പ്രവർത്തനത്തിന് പരിപൂർണ്ണമായ സഹകരണം പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്നുണ്ടെന്നുമുള്ള വിവരം പ്രത്യേകം പ്രസ്താവ്യമാണ്.

കുടിപാർപ്പ് (സെററിൽമെൻറ്) പദ്ധതി

ഭവനനിർമ്മാണപദ്ധതിയുടെ പ്രയോജനം, ഏററവും നിർദ്ധനരും, ഒരു കാശുപോലും ഒരു വീടിനുവേണ്ടി മുടക്കുവാൻ കഴിവില്ലാത്തവരുമായ എല്ലാ ജനവിഭാഗങ്ങൾക്കും ലഭിക്കണമെന്നു കരുതി ഗവണ്മെൻറ് ഒരു സെററിൽമെൻറ് അഥവാ കുടിപാർപ്പുപദ്ധതി കൂടി ആസൂത്രണം ചെയ്തു് 1952-53 മുതൽ നടപ്പിലാക്കിയിട്ടുണ്ടു്. ഈ വൻപിച്ച പദ്ധതിയുടെ ചെലവു മുഴുവൻ ഗവണ്മെൻറ് വഹിക്കുന്നതാണു്. ഇതനുസരിച്ചു് ഭൂരഹിതരും, ഭവനരഹിതരുമായ ഓരോ കുടുംബത്തിനും അഞ്ചു മുതൽ പത്തു സെൻറുവരെ ഭൂമിയും, 250 രൂപ വിലയിൽ കവിയാത്ത സാധനസാമഗ്രികളും, വീടൊന്നിനു് 50 രൂപ സഹായധനവും സൗജന്യമായി കൊടുക്കുന്നതാണു്. ഇപ്രകാരം നൽകപ്പെടുന്ന ഭൂമി ഒരു ലൈസൻസിംഗു് വ്യവസ്ഥയ്ക്കു് വിധേയമായിരിക്കുന്നതും, യാതൊരു കാരണവശാലും ഭൂമി കൈമാററം ചെയ്യുവാൻ കുടിപാർപ്പുകാരനു് അവകാശമില്ലാത്തതുമാകുന്നു. ലൈസൻസിൻെറ കാലാവധി മൂന്നു വർഷമായിരിക്കുന്നതും അതിനുശേഷം പുതുക്കുന്നതുമാണു്. പ്രസ്തുത കുടിപാർപ്പു കേന്ദ്രങ്ങളിൽ പൊതു ആവശ്യത്തിനു വേണ്ട കിണറുകൾ, കുളങ്ങൾ, റോഡുകൾ, വഴിവിളക്കുകൾ, ശ്മശാനം മുതലായവ, വില്ലേജു പഞ്ചായത്തു്, പൊതുജനാരോഗ്യവകുപ്പു് മുതലായ ഡിപ്പാർട്ടുമെൻറുകളുടെ ചുമതലയിൽ നിർമ്മിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. സെററിൽമെൻറുകൾ സംഘടിപ്പിക്കുന്നതു് തദ്ദേശ അനുദ്യോഗസ്ഥ കമ്മിററികളുടെ ആഭിമുഖ്യത്തിലാണു്.

നാളതുവരെ താഴെ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചുള്ള പുറമ്പോക്കു ഭൂമികൾ രാജ്യത്തിൻെറ നാനാഭാഗത്തുമായി കുടിപാർപ്പു പദ്ധതിക്കായി ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടു്.

	കേന്ദ്രം	വിസ്തീർണ്ണം ഏക്കർ	സെൻറ്
1.	തെക്കേക്കര	9	61
2.	ബാർട്ടൻഹിൽ (തിരുവനന്തപുരം)	16	75
3.	ചിറമഠം	1	57¼
4.	അണ്ടൂർക്കോണം	21	62
5.	കൊണ്ടാഴി	10	0
6.	മീനാട്	36	75
7.	പേരൂർക്കട	9	9
8.	ആറാമട പകുതി	13	92
9.	ഇളംകുന്നപ്പുഴ	15	95
10.	ആര്യാട് തെക്കുപകുതി	8	81
11.	തക്കല പകുതി	0	65
12.	പുതുപ്പള്ളി	0	94
13.	ഉഴവൂർ പകുതി	13	0
14.	കോട്ടുകാൽ പകുതി	1	20
15.	വീയപുരം പകുതി	3	71½
16.	ആലുവാ	15	0
17.	പടിഞ്ഞാറേക്കര പകുതി	0	9
18.	അഴകിയപാണ്ടിപുരം പകുതി	2	0
19.	ചേരനല്ലൂർ വില്ലേജ്	0	5
20.	കോക്കോതമംഗലം	19	29½
21.	പീരുമേട് പകുതി	100	0
22.	മണക്കയം	52	0
23.	കാട്ടൂർ വില്ലേജ്	56	1
24.	തണ്ണീർമുക്കം വടക്കുപകുതി	2	0
25.	നാഗർകോവിൽ പകുതി	0	80
26.	കഠിനംകുളം പകുതി	62	24
27.	തണ്ണീർമുക്കം തെക്കുപകുതി	2	66
	ആകെ	475	72¼

ഇതു കൂടാതെ ജന്മികളിൽനിന്നും മററും ലഭിക്കുന്നതും ആവശ്യാനുസരണം പൊന്നുംവിലയ്ക്കെടുത്ത ഭൂമിയും ഈ പദ്ധതിയ്ക്കു പ്രയോജനപ്പെടുത്തുന്നതാണ്.

175 കുടുംബങ്ങൾ ഉള്ള ഒരു സെററിൽമെൻറ് തിരുവനന്തപുരം പട്ടണത്തിനു സമീപത്ത് പേരൂർക്കട ഹാർവ്വിപുരം കുന്നിൽ സംഘടിപ്പിച്ചു കഴിഞ്ഞു.

രണ്ടു കുടുംബങ്ങൾക്കു് ഭൂമിമാത്രം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരത്തു് ബാർട്ടൺ ഹില്ലിൽ ഏകദേശം മന്നൂറു വീട്ടുകാരുൾപ്പെട്ട ഒരു കേന്ദ്രം സംഘടിപ്പിച്ചുകൊണ്ടിരിക്കയാണ്. കൊല്ലത്തു് കല്ലുവാതുക്കലും, ആലപ്പുഴ അവലൂക്കുന്നിലും ഓരോ കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നതിൻെറ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 500 കുടുംബക്കാരെക്കൂടി നടപ്പുവർഷത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയുടെ പ്രയോജനം മനസ്സിലാക്കിയ പല ജന്മിമാരും ഭൂമിദാനം ചെയ്യാമെന്നു് സമ്മതിച്ചിട്ടുണ്ട്. കുടിപാർപ്പു പദ്ധതിയുടെ ഒരു പ്രത്യേകത ഗവണ്മെൻറ് ഇതിനുവേണ്ടി ചെലവാക്കുന്ന സംഖ്യകൂടാതെ അത്രയുമോ, അതിലധികമോ ആയ ഒരു തുക വീതം ഓരോ കുടിപാർപ്പുകാരനും ഇതിലേയ്ക്കു് വിനിയോഗിക്കുന്നു എന്നതാണ്. പൊതുജനങ്ങളുടെ സഹകരണത്തിലാണ് ഈ പദ്ധതിയുടെ പരിപൂർണ്ണവിജയം സ്ഥിതി ചെയ്യുന്നതു്. അതു് ഗവണ്മെൻറിനു് ധാരാളമായി ലഭിക്കുന്നുമുണ്ട്.

വെള്ളപ്പൊക്കകാലത്തു് കുട്ടനാടൻ പ്രദേശങ്ങളിലുള്ള സാധുക്കളുടെ കുടിലുകൾ വെള്ളത്തിനടിയിലാകുകയും, അവർ വള്ളങ്ങളിലും മററു സ്ഥലങ്ങളിലും പോയി അഭയം പ്രാപിക്കുകയും സാധാരണമാണ്. അവരുടെ കുടിലുകളുടെ തറ വെള്ളപ്പൊക്കനിരപ്പിൽനിന്നു് ഉയർത്തിക്കെട്ടി ഭിത്തിയും മററും പുതുക്കി പണിയുന്ന ഒരു പദ്ധതി അവിടെ നടപ്പിലാക്കിയിട്ടുണ്ട്. ഒരു പരീക്ഷണമെന്ന നിലയിൽ മങ്കൊമ്പിലും, പരിസരപ്രദേശങ്ങളിലുമായി 160 കുടിലുകൾ പുതുക്കി പണിയിച്ചു. വീടൊന്നിനു് 20 രൂപയും

4 തേക്കിൻ കഴകളും, 60 രൂപ സഹായധനവും സൌജന്യമായി കൊടുക്കുകയും, ബാക്കി ആവശ്യമുള്ള കൂലിയും, സാധാനസാമഗ്രികളുടെ വിലയും വീട്ടുടമസ്ഥൻ ചെലവാക്കുകയും ചെയ്യു. ഗവണ്മെൻറിൽനിന്നു് ഓരോ വീടും പുതുക്കുന്നതിനു് 100 രൂപ വീതം സഹായം ചെയ്യപ്പോൾ ഓരോ വീട്ടുടമസ്ഥനും 200 രൂപയെങ്കിലും മുടക്കിയിട്ടുണ്ടു്. സ്ഥലത്തെ വില്ലേജുപഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഈ പരീക്ഷണം വളരെ വിജയകരമായതിനാൽ കുട്ടനാടിൻെറ ഇതരഭാഗത്തിലേയ്ക്കുംകൂടി വ്യാപിപ്പിക്കുന്നതാണു്.

വ്യാവസായിക ഭവനനിർമ്മാണം

ഇൻഡ്യാ ഗവണ്മെൻറിൻെറ സഹായത്തോടുകൂടി വ്യാവസായിക തൊഴിലാളികൾക്കു് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന ഒരു അഖിലേൻഡ്യാ പദ്ധതിയിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും പങ്കെടുക്കുന്നതാണു്. ഇതനുസരിച്ചു് ഈ സംസ്ഥാനത്തിലുള്ള വ്യവസായകേന്ദ്രങ്ങളിൽ തൊഴിലാളികൾക്കുവേണ്ടി പണിയുന്ന വീടുകളുടെ ചെലവിൽ 50 ശതമാനം സഹായധനമായും, 50 ശതമാനം 25 വർഷംകൊണ്ടു് മടക്കി കൊടുക്കേണ്ട കടമായും കേന്ദ്രഗവണ്മെൻറിൽനിന്നു് ലഭിക്കുന്നതാണു്. 1953-54-ൽ 25 ലക്ഷം രൂപ ഈ ഇനത്തിൽ ഇൻഡ്യാ ഗവണ്മെൻറിൽനിന്നു് ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു. താഴെ കാണുന്ന വ്യവസായ കേന്ദ്രങ്ങൾ തിരഞ്ഞെടുത്തു് ഭവനനിർമ്മാണപരിപാടികൾ രൂപീകരിക്കയും ചെയ്തിട്ടുണ്ടു്.


കേന്ദ്രം.			വീടുകളുടെ എണ്ണം
1. തിരുവനന്തപുരം	(i)	ചാക്ക	200
	(ii)	കരമന	20
	(iii)	തിരുമല	50
2. കൊല്ലം	(i)	ഇരവിപുരം	50
	(ii)	ആശ്രാമം	50

കേന്ദ്രം.		വീടുകളുടെ എണ്ണം.
3.	ചവറ	100
4.	ആലുവാ	100
5.	പെരുമ്പാവൂർ	50
6.	കുണ്ടറ	100
	ആകെ	720

ഈ പദ്ധതിയുടെ അടങ്കലുകൾ ഇൻഡ്യാ ഗവണ്മെൻറിൻെറ പരിശോധനയിലിരിക്കയാണു്.

അടുത്തകാലംവരെ മേൽവിവരിച്ച പദ്ധതികളെ സംഘടിപ്പിക്കുന്ന ചുമതല വഹിച്ചിരുന്നതു് സഹകരണസംഘം ഇൻസ്പെക്ടറന്മാരായിരുന്നു. എന്നാൽ, ഈദൃശപ്രവൎത്തനങ്ങൾ കൂടുതൽ കാൎയ്യക്ഷമമാക്കുവാനായി ഓരോ റവന്യൂ ഡിസ്ട്രിക്ടിലേയ്ക്കും, ഓരോ ഇൻസ്പെക്ടറന്മാരെ ഈ ഡിപ്പാർട്ടുമെൻറിലെ പ്രവൎത്തനങ്ങൾക്കു മാത്രമായി വിനിയോഗിച്ചിട്ടുണ്ടു്. പ്രഥമ പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഭവനനിൎമ്മാണപദ്ധതി അനുസരിച്ചു് 500 ഭവനങ്ങളും കുടിപാർപ്പുപദ്ധതി അനുസരിച്ചു് 1000 ഭവനങ്ങളുംകൂടി പണിതുതീൎക്കുവാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

6238



PRINTED BY THE SUPERINTENDENT, GOVERNMENT CENTRAL PRESS, TRIVANDRUM